ആർ.സി.എസ്/5249/2019/MT-1

സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി : 02.11.2019

## സർക്കുലർ നമ്പർ.44/19

വിഷയം:- സഹകരണ വകുപ്പ് - തിരൂർ കോ ഓപ്പറേറ്റീവ് ഹോസ്പിറ്റൽ-& റിസർച്ച് സെന്റർ ക്ലിപ്തം നമ്പർ എം.633 - മിച്ച ഫണ്ട് നിക്ഷേപിക്കുന്നതിന് സഹകരണ സംഘങ്ങൾക്കും, സഹകരണ സ്ഥാപനങ്ങൾക്കും അനുവാദം നൽകുന്നതിനുള്ള അപേക്ഷ - സംബന്ധിച്ച്.

സൂചന:-
1. സംഘം ഭരണസമിതിയുടെ 26.07.2019 -ലെ 7-ാം നമ്പർ തീരുമാനം.
2. മലപ്പുറം ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാരുടെ 16.01.2019 - ലെ ജെ.ആർ.എം.പി.എം.3679/2019-എച്ച്.എം.സി.നമ്പർ കത്ത്.

തിരൂർ കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ & റിസർച്ച് സെന്റർ ക്ലിപ്തം നമ്പർ എം.633-ന്റെ പുരോഗമന പ്രവർത്തനങ്ങൾക്കായി ആവശ്യമായ ഫണ്ട് സ്വരൂപിക്കുന്നതിന്റെ ഭാഗമായി സഹകരണ സംഘങ്ങൾക്കും, സഹകരണ സ്ഥാപനങ്ങൾക്കും പണം നിക്ഷേപിക്കുന്നതിന് അനുവാദം നൽകണമെന്ന് അപേക്ഷിച്ചുകൊണ്ട് സൂചന (1) പ്രകാരം തീരുമാനമെടുത്ത് സമർപ്പിച്ച അപേക്ഷ സൂചന (2) പ്രകാരം മലപ്പുറം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ശുപാർശ ചെയ്ത് സമർപ്പിച്ചിരിക്കുന്നു.

ടി സംഘത്തിന്റെ നിയമാവലി വ്യവസ്ഥ 23(ബി) പ്രകാരം ആശുപത്രിയുടെ പുരോഗമന പ്രവർത്തനങ്ങൾക്കായി ഒരു കൊല്ലത്തിൽ കുറയാത്ത കാലാവധിക്ക് മെമ്പർമാരിൽ നിന്നും മെമ്പർമാർ അല്ലാത്തവരിൽ നിന്നും സംഘത്തിന് സ്ഥിര നിക്ഷേപങ്ങൾ സ്വീകരിക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. 1969-ലെ കേരള സഹകരണ നിയമം വകുപ്പ് 57(സി) പ്രകാരം സഹകരണ സംഘം രജിസ്ട്രാറുടെ സാമാന്യമായോ പ്രത്യേകമായോ ഉള്ള

നിർദ്ദേശ പ്രകാരം മറ്റേതെങ്കിലും സംഘത്തിന്റെ ഓഹരികളിലോ സെക്യൂരിറ്റികളിലോ നിക്ഷേപിക്കാവുന്നതാണ്.

മേൽ സാഹചര്യത്തിൽ സംഘം ഭരണസമിതി തീരുമാനത്തിന്റെയും ജോയിന്റ് രജിസ്ട്രാരുടെ ശുപാർശയുടെയും അടിസ്ഥാനത്തിൽ തിരൂർ കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ & റിസർച്ച് സെന്റർ ക്ലിപ്തം നമ്പർ എം.633 -ന്റെ പുരോഗമന പ്രവർത്തനങ്ങൾക്കായി ആവശ്യമായ ഫണ്ട് സ്വരൂപിക്കുന്നതിന്റെ ഭാഗമായി ടി ഹോസ്പിറ്റൽ സംഘത്തിൽ സഹകരണ നിയമം വകുപ്പ് 57(സി) പ്രകാരം മിച്ച ഫണ്ട് നിക്ഷേപിക്കുന്നതിന് ടി സംഘത്തിലെ അംഗ സഹകരണ സംഘങ്ങൾക്കും സഹകരണ സ്ഥാപനങ്ങൾക്കും സംഘങ്ങളുടെ നിയമാവലി വ്യവസ്ഥകളുടെയും ഭരണസമിതി തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ അനുവാദം നൽകുന്നു. ടി നിക്ഷേപ പദ്ധതിക്ക് പരമാവധി ഒരു വർഷ കാലാവധി നിശ്ചയിക്കുകയും ടി കാലാവധിക്കകമായി ടി നിക്ഷേപതുകകൾ തിരികെ നൽകുന്നതിനുമുള്ള പദ്ധതികൾ സംഘം അവിഷ്കരിക്കേണ്ടതുമാണെന്ന് നിർദ്ദേശിക്കുന്നു.

ഒപ്പ്

ഡോ.ശ്രീമതി.പി.കെ.ജയശ്രീ,ഐ.എ.എസ്

സഹകരണ സംഘം രജിസ്ട്രാർ

സെക്രട്ടറി,
തിരൂർ കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ & റിസർച്ച് സെന്റർ ക്ലിപ്തം നമ്പർ എം.633,താഴെപാലം,തിരൂർ-676107

പകർപ്പ്:-1. ജോയിന്റ് രജിസ്ട്രാർ (ജനറൽ) മലപ്പുറം.
2.ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) മലപ്പുറം
3.കരുതൽ ഫയൽ
4.അധികം
5.ഐ.റ്റി സെക്ഷൻ
6.സഹകരണ വീഥി

ആജ്ഞാനുസരണം

അസിസ്റ്റന്റ് രജിസ്ട്രാർ(എം.റ്റി.ഇൻ ചാർജ്ജ്)